LIBRARY ARCHIVES Kerala Legislative Assembly

സംസ്കരിക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങളോടു കൂടിയതും ആവശ്യത്തിന് സ്ഥലസൗകര്യവുമുള്ള വളരെയധികം ശുചിത്വപൂർണ്ണവുമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖലതന്നെ സംസ്ഥാനത്ത് രൂപീകരിക്കപ്പെടുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) ദേശീയ മത്സ്യ വികസന ബോർഡ്, സംസ്ഥാന ഫിഷറീസ് വകുപ്പ്, അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നത്.

(ഡി) 41 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കുന്നതിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു. പള്ളുരുത്തി, തേവര, ആലുവ, നോർത്ത് പറവൂർ, ഏറ്റുമാനൂർ, ഇരിങ്ങാലക്കുട, തൊടുപുഴ, മാള, കളത്തൂർ, വൈക്കം, ചങ്ങനാശ്ശേരി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, കുമിളി, നിലമ്പൂർ, മൂവാറ്റുപുഴ, ചിറയിൻകീഴ്, കാസർഗോഡ് എന്നീ 18 മാർക്കറ്റുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചു. 6 മാർക്കറ്റുകളുടെ നിർമ്മാണം അവസാനഘട്ടത്തിലും, 11 മാർക്കറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലും, 4 മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കേണ്ടതുമുണ്ട്. 2 മാർക്കറ്റുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. 21 കോടി രൂപയുടെ 11 മാർക്കറ്റുകൾക്ക് കൂടി അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

പ്രധാന ബസ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയ പദ്ധതി

9 (*459) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന ബസ്സ് സ്റ്റേഷനുകളോടനുബന്ധിച്ച് വ്യാപാര സമുച്ചയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ശേഷി കഴിയുന്നത്ര കൂട്ടുക എന്നതാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യും കെ.റ്റി.ഡി.എഫ്.സി.-യും ചേർന്നുള്ള സംരംഭങ്ങളിൽ ബി.ഒ.റ്റി. കാലയളവിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതുവഴി ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ചുള്ള തുകയുടെ 50 ശതമാനം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ബി.ഒ.റ്റി. കാലാവധി കഴിഞ്ഞാൽ പദ്ധതി പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുന്നതാണ്.

(സി) തിരുവനന്തപുരം തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി.-യുമായി ചേർന്ന് ബി.ഒ.റ്റി. അടിസ്ഥാനത്തിലാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇതു കൂടാതെ മറ്റു സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. നേരിട്ട് പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നുണ്ട്.

(ഡി) 5-11-2007-ലെ G.O. (Ms.) No. 46/07/Tran. 23-1-2010-ലെ G.O. (Ms.) No. 5/2010/Tran. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് കെ.റ്റി.ഡി.എഫ്.സി. ബസ് ടെർമിനൽ പ്രോജക്ടുകൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. നേരിട്ട് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് പ്രാരംഭ പ്രവൃത്തികൾക്കായി പ്ലാൻ ഫണ്ടിൽ ലഭ്യമാകുന്ന ഒരു നിശ്ചിത തുക വകയിരുത്തുകയും ഓരോ പ്രോജക്ടിലും ബാക്കി തുക സമാഹരിക്കുന്നതിനായി വ്യാപാരാവശ്യത്തിന് സ്ഥലം വേണമെന്നുള്ളവരിൽനിന്നും ടെണ്ടർ/ലേലം നടപടികൾ നടത്തി പലിശ രഹിത നിക്ഷേപം സ്വീകരിച്ച് പദ്ധതി നിർവ്വഹണം നടത്തിവരുന്നു.

എയർ കേരള വിമാന പദ്ധതി

10 (*460) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെയും സിയാൽ കമ്പനിയുടെയും ഉടമസ്ഥതയിലുള്ള എയർ കേരള വിമാന പദ്ധതി പ്രകാരം വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നിബന്ധനകളെല്ലാം പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly